പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3039 — 28/01/2014 ൽ മറുപടിയ്ക്ക്

## റീ-സർവ്വേ നടത്തുന്നതിന് ഡബ്ല്യൂ.ജി.എസ് -84 സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ഉമ്മർ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീസർവ്വേ നടപടി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) നിർത്തി വച്ചിരുന്ന റീസർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിക്കുമെന്ന് 2014 ലെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. |
| (ബി) റീ-സർവ്വേ നടത്തുന്നതിന് അത്യാധുനിക സംവിധാനമായ ഡബ്ല്യൂ.ജി. എസ്.-84 ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; നേട്ടങ്ങൾ വിശദമാക്കാമോ;<br><br>(സി) എങ്കിൽ ഇത്തരം ഉപകരണം ഉപയോഗിച്ചുള്ള സർവ്വേയ്ക്ക് ഏതെങ്കിലും ഏജൻസിയുടെ സഹകരണം തേടിയിരുന്നോ; വിശദമാക്കാമോ; | (ബി)<br>(സി) ഉണ്ട്. ആധുനിക സർവ്വെ ഉപകരണങ്ങളായ GPS, Electronic Total Station, അത്യാധുനിക സോഫ്റ്റ് വെയർ എന്നിവ ഉപയോഗിച്ചുള്ള സർവ്വെയിൽ WGS-84 കോ-ഓർഡിനേറ്റ് സിസ്റ്റം ആണ് ഉപയോഗിച്ചു വരുന്നത്. WGS-84 എന്നത് ഒരുപകരണമല്ല. മറിച്ച് സർവ്വേ മാപ്പിംഗിനു ആവശ്യമായ കോ-ഓർഡിനേറ്റ് സിസ്റ്റം ആണ്. ആധുനിക സർവ്വേ ഉപകരണമായ GPS ൽ ഈ സിസ്റ്റമാണ് ഉപയോഗിക്കുന്നത്. റീസർവ്വേയ്ക്ക് ഏജൻസിയുടെ സഹായം തേടിയിരുന്നില്ല |
| (ഡി) ഡബ്ല്യൂ.ജി.എസ്.-84 സംവിധാനം ഉപയോഗിക്കുന്നതിന് നാളിതുവരെ എന്ത് തുക ചെലവായിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) ആധുനിക സർവ്വെ ഉപകരണങ്ങളായ GPS, Electronic Total Station, അത്യാധുനിക സോഫ്റ്റ് വെയർ എന്നിവ ഉപയോഗിച്ചുള്ള സർവ്വെയിൽ WGS-84 കോ-ഓർഡിനേറ്റ് സിസ്റ്റം ഉപയോഗിച്ചു സർവ്വെ ചെയ്യുന്നതു കൊണ്ട് ഈ സിസ്റ്റത്തിന് മാത്രമായി പ്രത്യേകം ചെലവുകൾ വരുന്നില്ല. |

സെക്ഷൻ ഓഫീസർ